"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് -പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ-ഓഫീസ് പ്രവർത്തനങ്ങൾക്കായി 2025-2026 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ തുകയിൽ നിന്നും ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകോർ ലിമിറ്റഡിന് നൽകാനുള്ള തുക പിൻവലിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.751/2025/NORKA തീയതി,തിരുവനന്തപുരം, 09-07-2025

പരാമർശം:- 1. സ.ഉ.(സാധാ)നം.652/2025/നോർക്ക തീയതി 10.06.2025

2. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ സെക്രട്ടറിയുടെ 02.07.2025 തീയതിയിലെ 160/20 എൻ.ആർ.ഐ കമ്മീഷൻ നമ്പർ കത്ത്.

**ഉത്തരവ്**

പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ പ്രവർത്തനങ്ങൾക്കായി 2025 - 26 സാമ്പത്തിക വർഷത്തിൽ 2230-01-103-28-34-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും പരാമർശം (1) പ്രകാരം ചെലവഴിക്കുവാൻ ഭരണാനുമതി നൽകിയിരുന്ന ₹22,88,547/-ഇരുപത്തിരണ്ട് ലക്ഷത്തി എൺപത്തെട്ടായിരത്തി അഞ്ഞൂറ്റി നാൽപ്പത്തേഴ് രൂപ മാത്രം) തുകയിൽ നിന്നും കമ്മീഷന്റെ ആസ്ഥാന ആഫീസിലെ ബഹു. ചെയർപേഴ്സന്റെ ഓഫീസ്, കോൺഫറൻസ് ഹാൾ എന്നിവയിൽ സജ്ജീകരണ പ്രവർത്തനങ്ങൾ നടത്തിയതിന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകോർ ലിമിറ്റഡിന് ബാക്കി നൽകാനുള്ള ₹ 1,86,383/- (ഒരു ലക്ഷത്തി എൺപത്തി ആറായിരത്തി മുന്നൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ച് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ ആസ്ഥാനകാര്യാലയത്തിൽ സജ്ജീകരണ പ്രവർത്തനങ്ങൾ നടത്തിയതിന് ഫോറസ്റ്റ് ഇൻഡസ്ട്രീസിന് നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ 2230-01-103-28-34-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുവാൻ ഭരണാനുമതി നൽകിയിട്ടുള്ള ₹ 1,86,383/- (ഒരു ലക്ഷത്തി എൺപത്തി ആറായിരത്തി മുന്നൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) ശീർഷകത്തിന്റെ ഡി.ഡി.ഒ ആയ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിൽ അനുവദിച്ചുകൊണ്ടും, ഈ തുക 0101390025 എന്ന ഡി.ഡി.ഒ കോഡ് വഴി പിൻവലിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

3) പ്രസ്തുത ഫണ്ട് പിൻവലിക്കുന്നതിൽ നിലവിലുള്ള പ്രസക്തമായ എല്ലാ Codal formalities-ഉം കർശനമായും പാലിക്കുന്നുണ്ടെന്ന് പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ മെമ്പർ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് ഹരികിഷോർ ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ, തിരുവനന്തപുരം.
അസിസ്റ്റന്റ് സെക്രട്ടറി, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ആസൂത്രണവും സാമ്പത്തികവും കാര്യവകുപ്പ്
ധനകാര്യവകുപ്പ്
വിവര &പൊതുജനസമ്പർക്ക വകുപ്പ് ( വെബ്& ന്യൂ മീഡിയ )
കേരളീയ പ്രവാസികാര്യ (ബി1) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 10-07-2025 11:06:01
സെക്ഷൻ ഓഫീസർ